"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല — ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് - 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 (ബി) — തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം.2862/2022/LSGD തീയതി,തിരുവനന്തപുരം, 19-11-2022

---

പരാമർശം:- 1. ജി.ഒ (എം.എസ്) 40/2004/പ്ലാനിംഗ്, തീയതി 30/03/2004

2. പഞ്ചായത്ത് ഡയറക്ടറുടെ 30/07/2021 ലെ പാൻ /7539/2021-എം.3(ഡിപി) നമ്പർ കത്ത്.

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31/08/2002 ലെ ഡി.കെ.എസ്.എ/1966/പി റ്റി. 1/2021 നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10(ബി) പ്രകാരം 96,150/- (തൊണ്ണൂറ്റി ആറായിരത്തി നൂറ്റി അൻപത് രൂപ മാത്രം) രൂപ ചെലവഴിച്ചത് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2007-2008 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമസഭയുടെയും വികസന സെമിനാറിന്റെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയുടെയും, ഡി.പി.സിയുടെയും അംഗീകാരത്തോടെ, 40% -ൽ അധികം വൈകല്യം ഉള്ളവരും ബി,പി,എൽ വിഭാഗത്തിൽപ്പെട്ടവരുമായ 14 (ജനറൽ വിഭാഗം 12 + പട്ടികജാതി 2) വികലാംഗങ്ങർക്ക് ചെറുകച്ചവടം നടത്തി ഉപജീവനം നടത്തുന്നതിനായി 1,29,438/-രൂപ മുടക്കി രാജീവ്ഗാന്ധി ചാരിറ്റബിൾ സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം 14 ബങ്കറുകൾ വാങ്ങി നടപ്പിലാക്കിയ "വികലാംഗർക്ക് തൊഴിൽ,സഞ്ചാര സൗകര്യം" എന്ന പദ്ധതി, പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ജനറൽ വിഭാഗത്തിന് 30% സബ്സിഡി എന്ന മാനദണ്ഡം പാലിക്കാതെ പട്ടികജാതി വിഭാഗത്തിന് അനുവദിച്ചിരുന്ന 50% സബ്സിഡി ജനറൽ വിഭാഗത്തിലെ 12 വികലാംഗർക്കും അനുവദിച്ചു എന്ന കാരണത്താലാണ് ജനറൽ വിഭാഗത്തിലെ 12 പേർക്കും 50% സബ്സിഡി അനുവദിച്ചതിൽ ചെലവായ അധിക തുകയായ 96,150/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

3. 2007-2008 വർഷം നിലവിലുണ്ടായിരുന്ന എസ്.ജി.എസ്.വൈ മാർഗ്ഗരേഖപ്രകാരം സ്വയംതൊഴിൽ പ്രോജക്റ്റുകളിൽ വികലാംഗരായ അപേക്ഷകർക്ക് 50% സബ്സിഡിയ്ക്ക് അർഹതയുണ്ടെന്നും അത് ആകെ പദ്ധതി ചെലവിന്റെ 50% ആണെന്നും, കൂടാതെ പഞ്ചായത്ത് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്തത് കേവലം ബങ്കറുകളുടെ വിതരണം

മാത്രമല്ലെന്നും പഞ്ചായത്തിൽ നിന്നും നൽകുന്ന ബങ്കറിന്റെ കൂടെ ഗുണഭോക്താവ് സ്വന്തമായി 15,000/- രൂപ മുടക്കി സാധനസാമഗ്രികൾ വാങ്ങി കച്ചവടം ആരംഭിക്കലായിരുന്നെന്നും, ആയതുപ്രകാരം ഓരോ ഗുണഭോക്താവും കച്ചവടം ആരംഭിക്കുന്നതിനായി 15,000/- രൂപ നേരിട്ട് ചെലവഴിച്ചിട്ടുണ്ടെന്നും അതുകൂടെ കണക്കിലെടുക്കുമ്പോൾ ഒരാളിന്റെ പദ്ധതിചെലവ് 24,246/- രൂപയാണെന്നും, ടി പദ്ധതിയിൽ എസ്.ജി.എസ്.വൈ മാർഗ്ഗരേഖ പ്രകാരം സ്വയംതൊഴിൽ പ്രോജക്ടുകളിൽ വികലാംഗരായ അപേക്ഷകർക്ക് 50% സബ്സിഡി, പരമാവധി 10,000/- രൂപയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചിട്ടില്ലെന്നും, സമൂഹത്തിലെ ഏറ്റവും നിർദ്ധനരായ ഒരു വിഭാഗത്തിന് ജീവിതമാർഗ്ഗം എന്ന നിലയിൽ നടപ്പിലാക്കി ലക്ഷ്യം കൈവരിച്ച പ്രസ്തുത പദ്ധതി പ്രകാരം പഞ്ചായത്തിനോ സർക്കാരിനോ നഷ്ടം ഉണ്ടായിട്ടില്ലെന്നും ആയതിനാൽ മേൽ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

4. സമൂഹത്തിലെ ഏറ്റവും നിർദ്ധനരായ ഒരു വിഭാഗത്തിന് ജീവിതമാർഗ്ഗം എന്ന നിലയിൽ നടപ്പിലാക്കിയ പദ്ധതിയായതിനാലും പദ്ധതി ലക്ഷ്യം കണ്ടത്തിയെന്ന ,പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെയും, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശിപാർശയുടെയും അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സത്തിന് കാരണമായ ചെലവിന് സാധൂകരണം നല്കുന്നതിൽ എതിരഭിപ്രായമില്ലെന്നും ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ എടുക്കാവുന്നതാണെന്നും പരാമർശം(3) പ്രകാരം സംസ്ഥാന ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുകൂലതീരുമാനം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം , പഞ്ചായത്ത് ഡയറക്ടറുടെയും സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെയും അനുകൂല റിപ്പോർട്ടുകൾ എന്നിവ പരിഗണിച്ച് കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 (ബി) പ്രകാരം തടസ്സപ്പെടുത്തിയ 96,150/- (തൊണ്ണൂറ്റി ആറായിരത്തി നൂറ്റി അൻപത് രൂപ മാത്രം) രൂപയ്ക്ക്സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ ), തിരുവനന്തപുരം.
ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ /ഓഡിറ്റ് ), കേരളം , തിരുവനന്തപുരം .
സെക്രട്ടറി, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ